**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2125** **03-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ,ചെറൂപ്പ സി.എച്ച്.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ചെറൂപ്പ സി.എച്ച്.സി.-യെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഹെൽത്ത് ബ്ലോക്കാക്കി മാറ്റുന്നതിന് ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനം നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2024-25 വർഷത്തിൽ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റായി അനുവദിച്ച 27.57 ലക്ഷം രൂപ ചെറൂപ്പ ആശുപത്രിയുടെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനായി ഡി.പി.സി. അംഗീകാരത്തോടെ സമർപ്പിച്ച പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കാതെ പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | 2024-25, 2025-26 വർഷത്തെ ഹെൽത്ത് ഗ്രാന്റ് തുക തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടില്ല. |
| (സി) | 2025-26 വർഷത്തെ ഹെൽത്ത് ഗ്രാന്റായി കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച 40.29 ലക്ഷം രൂപ ചെറൂപ്പ ആശുപത്രിയുടെ വികസനത്തിന് ഉപയോഗപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |
| (ഡി) | നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ സമയക്രമം പാലിക്കാത്തതുമൂലം അർഹമായ ഫണ്ടുകൾ ഉപയോഗപ്പെടുത്താൻ സാധിക്കാതെ പോകുന്നത് പരിഹരിക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | അർഹമായ ഫണ്ടുകൾ ഉപയോഗപ്പെടുത്തുവാൻ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഓൺലൈൻ ആയും നേരിട്ടും പുരോഗതി വിലയിരുത്താറുണ്ട്. |
| (ഇ) | സൗകര്യങ്ങളുടെ പരിമിതിമൂലം ശോചനീയാവസ്ഥയിലുള്ള ചെറൂപ്പ ആശുപത്രിയുടെ വികസനത്തിന് ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ ? | (ഇ) | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് 2022-23 സാമ്പത്തിക വർഷത്തെ ഹെൽത്ത് ഗ്രാന്റ് തുകയായ 27.57 ലക്ഷം രൂപ ചെറൂപ്പ സി.എച്ച്.സിയ്ക്ക് അനുവദിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ